പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നം. 5643

18/11/2019 ൽ മറുപടി
നല്കേണ്ടത്.

# ഗുണമേന്മയില്ലാത്ത പാലിനെതിരെ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും<br>വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
|---|---|
| എ ) ഗുണമേന്മയില്ലാത്തതും കൃത്രിമ മായുണ്ടാക്കുന്നതുമായ പാൽ കേരളത്തിലെ മിക്ക തട്ടുകട കളിലും ഹോട്ടലുകളിലും ഉപ യോഗിക്കുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പാലിന്റെ പരിശോ ധനയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | എ) ചില സ്ഥാപനങ്ങളിൽ ഗുണനിലവാരമില്ലാത്ത പാൽ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൃത്രിമമായുണ്ടാക്കിയ പാൽ നാളിതുവരെ കണ്ടെത്തിയിട്ടില്ല.<br>സംസ്ഥാനത്ത് ഹോട്ടലുകളിലും തട്ടുകടകളിലും ഉപയോഗിക്കുന്ന പാലുൾപ്പെടെയുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തൊട്ടാകെ 1083 പാൽ സാമ്പിളുകൾ ശേഖരിച്ച് നടത്തിയ പരിശോധനയിൽ 85 എണ്ണം Substandard ആയും 6 എണ്ണം Misbranded ആയും 13 എണ്ണം Unsafe ആയും പരിശോധനാ ഫലം ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം 15 അഡ്ജ്യൂഡിക്കേഷൻ കേസുകളും, 2 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

| | |
|---|---|
| ബി) അപ്രകാരം പരിശോധന നടത്തി നടപടി എടുത്തിട്ടുള്ള കേസ്സുകളുടെ വിശദാംശം നൽകമോ; | ബി) ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതായി പരിശോധനാ ഫലം ലഭിച്ച 15 കേസ്സുകളിൽ അഡ്ജ്യൂഡിക്കേഷൻ നടപടികളും Unsafe ആയി പരിശോധനാ ഫലം ലഭിച്ച ഒരു കേസ്സിൽ പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

<u>ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയതിനെത്തുടർന്ന് കേസ് രജിസ്റ്റർ ചെയ്ത ബ്രാൻഡുകളുടെ വിവരം:</u>

1. ഹോമോജിനൈസ്ഡ് ടോൺഡ് മിൽക്ക് (ID Milk, Indira Diary, Thozhichal. Thiruvananthapuram)-രണ്ട് കേസ്
2. ഹോമോജിനൈസ്ഡ് ഡബിൾ ടോൺഡ് മിൽക്ക് (ശ്രീലക്ഷ്മി), കൊല്ലം. – രണ്ട് കേസ്
3. Fresh Cow milk, ക്ഷീരോല്പാദക കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചിറ്റിലപ്പിള്ളി.
4. Toned Milk - OM Krishna Dairy, Anthikkad.
5. നാടൻ നറുംപാൽ, Annam Agency, Chalakkudy.
6. Sterilized Flavoured Double Toned Milk (PODARAN, M/s Podaran Foods India Pvt. Ltd.. Plot No. 12, 13, 18, 19, Srini Food Park, Moongil Village, Bangarupalayam, Mandal, Chittore, Andrapradesh)
7. Standardized Milk (Heritage Goodness. M/s Heritage Foods Ltd. NH-45, Trichy Main Road. Morepatti PO, Vadamadurai, Dindigal, Tamilnadu - 624 802)
8. ഏഴംകുളം ക്ഷീരോല്പാദക സഹകരണസംഘം, പത്തനംതിട്ട.
9. M/s കുളമുട്ടം ക്ഷീരോല്പാദക സഹകരണ സംഘം, കവലയൂർ
10. ആമ്പാടി കൗ മിൽക്ക്, ആമ്പാടി ഡയറി പ്രോഡക്ട്സ്, വെള്ളനാട്.
11. പാസ്ചുറൈസ്ഡ് ടോൺഡ് മിൽക്ക്, മാറനല്ലൂർ ക്ഷീര

വ്യവസായ സഹകരണ സംഘം.

12.പാസ്ചുറൈസ്ഡ് ഹോമോജീനൈസ്ഡ് ടോൺഡ് മിൽക്ക്, ലയ മിൽക്ക് പ്രോഡക്ട്സ്, ഉമയനല്ലൂർ, കൊല്ലം - 3 കേസ്

| | |
|---|---|
| സി) ഇത്തരം പാൽ കേരളത്തി ലേക്ക് കടന്നുവരുന്നത് തടയു ന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപടി സ്വീകരി ച്ചിട്ടുണ്ടോ; | സി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഉൽസവ വേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹകരണത്തോടെ ചെക്ക്പോസ്റ്റുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകളും ചെക്ക്പോസ്റ്റു കളിൽ പരിശോധനകൾ നടത്തുന്നുണ്ട്.<br>പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡി ക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ഡി) ഗുരുതരമായ ആരോഗ്യ പ്രശ്ന ങ്ങൾ സൃഷ്ടിക്കുന്ന അത്തരം പാൽ സംസ്ഥാനത്ത് നിരോ ധിക്കുന്നതിന് നടപടി സ്വീക രിക്കുമോ;വ്യക്തമാക്കുമോ? | ഡി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പാൽ വിൽപന നടത്തിയാൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരം അത്തരം ബ്രാൻഡുകൾ നിരോധിക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരി ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ